24 മണിക്കൂറും പ്രവർത്തിക്കുന്ന അതിർത്തി ചെക്ക് പോസ്റ്റുകളും ഇന്റേണൽ ചെക്ക്പോസ്റ്റുകളും പ്രവർത്തിച്ചു വരുന്നു.

കൂടാതെ സർക്കാർ തലത്തിൽ റവന്യൂ ഉദ്യോഗസ്ഥന്മാരുടെയും ഡെപ്യൂട്ടി കമ്മീഷണർമാരുടെയും യോഗം വിളിച്ചുകൂട്ടി റവന്യൂ റിക്കവറി നടപടികളുടെ പുരോഗതി വിലയിരുത്തുകയും അത് ത്വരിതപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. ഹൈക്കോടതിയിൽ കെട്ടിക്കിടക്കുന്ന കേസ്സുകളിൽ തീർപ്പു കൽപിക്കുന്നതിനുവേണ്ടി അഡ്വക്കേറ്റ് ജനറലിന്റേയും, കമ്മീഷണർ സെയിൽസ്ടാക്സ്, ലാന്റ് റവന്യൂ. എക്സൈസ് എന്നിവരുടെയും മീറ്റിംഗ് സർക്കാർ തലത്തിൽ കാലാകാലങ്ങളിൽ വിളിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു.

(ബി) 31-1-2000 വരെ കഴിഞ്ഞവർഷം ഇതേ കാലയളവിൽ പിരിച്ചെടുത്തതിനേക്കാൾ (31-1-1999 വരെ) 338.48 കോടി രൂപ കൂടുതൽ പിരിച്ചെടുക്കാൻ സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി കഴിഞ്ഞിട്ടുണ്ട്. ഇതു കഴിഞ്ഞ വർഷത്തേക്കാൾ 14% വർദ്ധന രേഖപ്പെടുത്തുന്നു.

(സി) പ്രധാന ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവൽക്കരിച്ച് നികുതി വെട്ടിപ്പിന്റെ മാർഗ്ഗങ്ങൾ പൂർണ്ണമായും തടയുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. കൂടാതെ നികുതി നിരക്കുകൾ ഏകീകരിച്ച് നികുതിവെട്ടിപ്പിന്റെ പ്രവണത പൂർണ്ണമായും തടയുന്നു. ഇന്റലിജൻസ് വിഭാഗവും ഇൻവെസ്റ്റിഗേഷൻ വിഭാഗവും ശക്തിപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് ഇന്റലിജൻസ് ഡെപ്യൂട്ടി കമ്മീഷണറുടെ ഒരു ഓഫീസ് പുതുതായി തുടങ്ങിയിട്ടുണ്ട്.

(ഡി) വില്പന നികുതി ആക്റ്റ് 234 പ്രകാരം നികുതി പലിശയുടെ 60% ഇളവു വരുത്തുകയും ഉപവകുപ്പ് പ്രകാരം ഏറ്റവും കൂടുതൽ പലിശ നികുതി തുകയുടെ 100% മായി പരിമിതപ്പെടുത്താൻ 1997-ലെ ഫിനാൻസ് ആക്റ്റ് പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

31-12-1999 വരെ വിലപന നികുതിയിനത്തിൽ 984.06 കോടി രൂപ കുടിശ്ശികയായി പിരിഞ്ഞുകിട്ടുവാനുണ്ട്.

വില്പന നികുതിയിനത്തിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ പല ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. 31-3-97 വരെയുള്ള കുടിശ്ശിക മുതലും പലിശയും ഉൾപ്പെടെ 40% ചേർത്ത് അടച്ച് കുടിശ്ശിക തീർക്കാൻ കമ്പനികൾ ഒഴികെയുള്ള നികുതിദായകരെ അനുവദിക്കുന്നു. പരാമാവധി പലിശ അടച്ചുതീർക്കാനും അത് മുതലിന് തുല്യമായി നിജപ്പെടുത്തിയിട്ടുണ്ട്. അത് പ്രകാരം അംഗീകരിച്ച് ഈ പദ്ധതി 31-3-2000 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പണം അടയ്ക്കുന്ന നികുതി ദായകർക്കും അടച്ച നികുതിയോ മറ്റിനങ്ങളോ പിന്നീട് അപ്പീലിലോ, റിവിഷനിലോ കുറവ് ചെയ്യപ്പെടുകയാണെങ്കിൽ കുറവു വരുന്ന തുക പലിശ സഹിതം തിരിച്ചും നൽകുന്നതായിരിക്കും.

(ഇ) 31-12-99 വരെ 984.06 കോടി രൂപ വില്പന നികുതിയിനത്തിലും 59.01 കോടി രൂപ കാർഷികാദായ നികുതിയിനത്തിലും കുടിശ്ശികയായി പിരിഞ്ഞുകിട്ടുവാനുമുണ്ട്.

30 (*90) വനസംരക്ഷണ പദ്ധതി

<u>ശ്രീ. ബാബുദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വനം സംരക്ഷണത്തിനായി ലോകബാങ്ക് സഹായത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ വനമേഖലയിലെ ഏതെല്ലാം ഭാഗങ്ങളിലാണ് വനസംരക്ഷണ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വനസംരക്ഷണം ഉറപ്പുവരുത്തുന്നതിനും ആദിവാസികളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനും അവർക്ക് ബോധവൽക്കരണം നടത്തുന്നതിനും ലോകബാങ്കിന്റെ നേതൃത്വത്തിൽ പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി നടപ്പാക്കുന്നതിനായി സന്നദ്ധസംഘടനകളുടെ സഹായത്തോടെ ബോധവൽക്കരണ പരിപാടി ആവിഷ്ക്കരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. സി.കെ. നാണു):

(എ) ലോകബാങ്ക് സഹായത്തോടെ താഴെപ്പറയുന്ന രണ്ടു പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1. സമഗ്രവനവികസനവും വനസംരക്ഷണവും ഉദ്ദേശിച്ചുകൊണ്ട് 1998-99 മുതൽ നാലു വർഷംകൊണ്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന ഒരു പദ്ധതിയാണ്. കേരള ഫോറസ്ട്രി പ്രോജക്ട്. ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 182.39 കോടി രൂപയാണ്. ഇതിൽ 152.1 കോടി രൂപ ലോകബാങ്ക് സഹായമാക്കി ലഭിക്കുന്നതാണ്.

2. 1996 മുതൽ അഞ്ചു വർഷം കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 40.34 കോടി രൂപയുടെ 'ഇൻഡ്യാഇക്കോഡവലപ്പ്മെന്റ്' പദ്ധതി.

(ബി) സംസ്ഥാനത്തെ എല്ലാ വനമേഖലകളിലും കേരളാ ഫോറസ്ട്രി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇൻഡ്യാ ഇക്കോ ഡെവലപ്പ്മെൻറ് പദ്ധതി പ്രോജക്ട് ടൈഗർ റിസർവ്ഡ് തേക്കടിയിലാണ് നടപ്പിലാക്കുന്നത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പൊതുജനങ്ങൾക്ക് വനസംരക്ഷണം ജൈവവൈവിദ്ധ്യ സംരക്ഷണം എന്നിവയെപ്പറ്റി വനവൽക്കരണം നൽകുന്നതിനായി സന്നദ്ധസംഘടനകളുടെ സഹായത്തോടെ ബോധവൽക്കരണ പരിപാടികൾ ഇപ്പോൾതന്നെ നടപ്പിലാക്കുന്നുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (311) റവന്യൂ കമ്മി നികത്താൻ നടപടി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. വി. ബാലറാം :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ള റവന്യൂ കമ്മി എത്രയായിരുന്നുവെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly